**മധുരമായ കുട്ടികളേ- നിങ്ങൾക്ക് ലഹരിയുണ്ടായിരിക്കണം, നമ്മുടെ പരലോക പിതാവ് ലോകാത്ഭുതം നിർമ്മിക്കുകയാണ്(സ്വർഗ്ഗം), നാം അതിന്റെ അധികാരികളായി മാറുകയാണ്.**

**ചോദ്യം-** ബാബയുമായുള്ള കൂട്ടുകെട്ടിലൂടെ നിങ്ങൾക്ക് എന്തെല്ലാം പ്രാപ്തികളാണ് ലഭിക്കുന്നത്?
**ഉത്തരം-** ബാബയുമായുള്ള കൂട്ടുകെട്ടിലൂടെ നാം മുക്തി, ജീവന്മുക്തിയുടെ അധികാരികളായി മാറുന്നു. ബാബയുടെ സംഗം ഉയർത്തുന്നു(മറുകരയിലെത്തിക്കുന്നു). ബാബ നമ്മെ സ്വന്തമാക്കി ആസ്തികരും, ത്രികാലദർശികളുമാക്കി മാറ്റുന്നു. നാം രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയുന്നു.

**ഓം ശാന്തി.** ഇത് ആരാണ് പറയുന്നത്? കുട്ടികളോട് ബാബയാണ് പറയുന്നത്, എല്ലാ കുട്ടികളോടും പറയേണ്ടതായി വരുന്നു എന്തുകൊണ്ടെന്നാൽ എല്ലാവരും ദുഃഖികളാണ്, അക്ഷമരാണ്. വന്ന് ദുഃഖത്തിൽ നിന്നും മോചിപ്പിക്കൂ...., സുഖത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരൂ.... എന്നുപറഞ്ഞ് ബാബയെ ഓർമ്മിക്കുന്നു. ഇപ്പോൾ മനുഷ്യർക്ക്, പ്രധാനമായും ഭാരതവാസികൾക്ക് നാം ഭാരതവാസികൾ വളരെ സുഖികളായിരുന്നു എന്ന കാര്യം ഓർമ്മയില്ല. ഭാരതം പ്രാചീനത്തിലും പ്രാചീനമായ അത്ഭുതദേശമായിരുന്നു. ലോകാത്ഭുതം എന്ന് പറയാറില്ലേ. ഇവിടെ മായയുടെ രാജ്യത്തിൽ 7 അത്ഭുതങ്ങളെക്കുറിച്ച് പാടുന്നു. അത് സ്ഥൂലമായ അത്ഭുതങ്ങളാണ്. ഭാരതം സ്വർഗ്ഗമായിരുന്നു, വജ്രസമാനമായിരുന്നു. അവിടെ ദേവീദേവന്മാരുടെ രാജ്യമുണ്ടായിരുന്നു. ഭാരതവാസികൾ ഇതെല്ലാം മറന്നുപോയി. തീർച്ചയായും ദേവതകൾക്കുമുന്നിൽ ചെന്ന് തലകുനിക്കുന്നുണ്ട്, പൂജിക്കുന്നുണ്ട് പക്ഷേ ആരുടെ പൂജയാണോ ചെയ്യുന്നത് അവരുടെ ജീവിതകഥ അറിഞ്ഞിരിക്കണമല്ലോ. ഇത് പരിധിയില്ലാത്ത അച്ഛനാണ് മനസ്സിലാക്കിത്തരുന്നത്, ഇവിടെ നിങ്ങൾ പാരലൗകിക പിതാവിന്റെ അടുക്കലേക്കാണ് വന്നിരിക്കുന്നത്. പാരലൗകിക പിതാവാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. ഈ കാര്യം ഏതെങ്കിലും മനുഷ്യന് ചെയ്യാൻ കഴിയില്ല. ബ്രഹ്മാബാബയേയും അച്ഛനെന്നു വിളിക്കും- ഹേ, കൃഷ്ണന്റെ പഴയ തമോപ്രധാനമായ ആത്മാവേ... താങ്കൾക്കും തന്റെ ജന്മങ്ങളെക്കുറിച്ച് അറിയില്ലായിരുന്നു. താങ്കൾ കൃഷ്ണനായിരുന്നപ്പോൾ സതോപ്രധാനമായിരുന്നു പിന്നീട് 84 ജന്മങ്ങൾ എടുത്ത് തമോപ്രധാനമായിരിക്കുന്നു, താങ്കൾക്ക് ഭിന്ന ഭിന്നങ്ങളായ പേരുകൾ ഉണ്ടായിരുന്നു. ഇപ്പോൾ താങ്കളുടെ പേര് ബ്രഹ്മാവ് എന്ന് വെച്ചിരിക്കുന്നു. ബ്രഹ്മാവ് തന്നെ വിഷ്ണുവും ശ്രീകൃഷ്ണനുമായി മാറും. കാര്യം ഒന്നുതന്നെയാണ്- ബ്രഹ്മാവ് തന്നെ വിഷ്ണു, വിഷ്ണു തന്നെ ബ്രഹ്മാവാകുന്നു. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതയായി മാറുന്നത്. പിന്നീട് അതേ ദേവീ ദേവതകൾ തന്നെ ശൂദ്രരായി മാറും. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരായിരിക്കുന്നു. ഇപ്പോൾ ബാബ ഇരുന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, ഇത് ഭഗവാന്റെ വാക്കുകളാണ്. നിങ്ങളാണെങ്കിൽ വിദ്യാർത്ഥികളാണ്. എങ്കിൽ നിങ്ങൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. പക്ഷേ അത്രയും സന്തോഷം ഉണ്ടാകുന്നില്ല. ധനവാൻ തന്റെ ധനത്തിന്റെ ലഹരിയിൽ വളരെ സന്തോഷമായിരിക്കാറില്ലേ. ഇവിടെ ഭഗവാന്റെ കുട്ടിയായിട്ടുപോലും അത്രയും സന്തോഷത്തിൽ ഇരിക്കുന്നില്ല. മനസ്സിലാക്കുന്നില്ല, കല്ലുബുദ്ധിയല്ലേ. ഭാഗ്യത്തിലില്ലെങ്കിൽ ജ്ഞാനത്തിന്റെ ധാരണ ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ ബാബ നിങ്ങളെ ക്ഷേത്രത്തിൽ ഇരിക്കുന്നതിന് യോഗ്യരാക്കി മാറ്റുകയാണ്. പക്ഷേ മായയുടെ സംഗവും കുറവല്ല. സത്സംഗം ഉയർത്തും, കുസംഗം താഴ്ത്തും എന്ന് പാടാറുണ്ട്. ബാബയുടെ സംഗം നിങ്ങളെ മുക്തി ജീവന്മുക്തിയിലേക്ക് കൊണ്ടുപോകുന്നു പിന്നീട് രാവണന്റെ സംഗം നിങ്ങളെ ദുർഗതിയിലേയ്ക്ക് കൊണ്ടുവരുന്നു. 5 വികാരങ്ങളുടെ സംഗത്തിലേക്ക് വരുന്നില്ലേ. ഭക്തിമാർഗ്ഗത്തിൽ സത്സംഗം എന്ന് പേരുണ്ട് പക്ഷേ എന്നാലും ഏണിപ്പടി താഴേക്ക് ഇറങ്ങുകതന്നെയാണ് ചെയ്യുന്നത്, ഏണിപ്പടിയിൽ വെച്ച് ആരെങ്കിലും തള്ളിവിട്ടാൽ തീർച്ചയായും താഴേക്ക് വീഴുകതന്നെയല്ലെ ചെയ്യുക! സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ആരാണെങ്കിലും ഭഗവാനെ സൂചിപ്പിക്കാൻ മുകളിലേക്കാണ് ആംഗ്യം കാണിക്കുക. ഇപ്പോൾ ബാബയല്ലാതെ മറ്റാര് കുട്ടികൾക്ക് പരിചയം നൽകും? ബാബ തന്നെയാണ് തന്റെ പരിചയം കുട്ടികൾക്ക് നൽകുന്നത്. ബാബ തന്റേയും പിന്നെ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും പരിചയം നൽകുന്നു. ബാബ പറയുന്നു, ഞാൻ വന്ന് നിങ്ങളെ ആസ്തികരും, ത്രികാലദർശികളുമാക്കി മാറ്റുന്നു. ഇത് ഡ്രാമയാണ്, ഇതിനെ ഒരു സാധു സന്യാസിക്കും അറിയില്ല. അത് പരിധിയുള്ള ഡ്രാമയാണ് എന്നാൽ ഇത് പരിധിയില്ലാത്തതാണ്. ഈ പരിധിയില്ലാത്ത ഡ്രാമയിൽ നമ്മൾ സുഖവും അളവില്ലാത്തത് കണ്ടു, അതുപോലെ ദുഃഖവും കണ്ടു. ഈ ഡ്രാമയിൽ കൃഷ്ണന്റെയും ക്രിസ്ത്യാനികളുടെയും എങ്ങനെയുള്ള കണക്കാണ്. അവർ ഭാരതത്തെ പരസ്പരം അടിപ്പിച്ച് രാജ്യം നേടി. ഇപ്പോൾ നിങ്ങൾ പര

സ്പരം യുദ്ധം ചെയ്യുന്നില്ല. അവർ പരസ്പരം യുദ്ധം ചെയ്യുന്നു നിങ്ങൾക്ക് രാജ്യം ലഭിക്കുന്നു. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ഈ കാര്യങ്ങൾ ആർക്കും അറിയില്ല. ജ്ഞാനം നൽകുന്ന ജ്ഞാനസാഗരം ഒരേയൊരു ബാബയാണ്, ബാബയാണ് സർവ്വരുടേയും സദ്ഗതി ചെയ്യുന്നത്. ഭാരതത്തിൽ ദേവീ ദേവന്മാരുടെ രാജ്യമുണ്ടായിരുന്നപ്പോൾ സദ്ഗതിയായിരുന്നു. ബാക്കി സർവ്വാത്മാക്കളും മുക്തിധാമത്തിലായിരുന്നു. ഭാരതം സ്വർണ്ണത്തിന്റേതായിരുന്നു. നിങ്ങൾ തന്നെയായിരുന്നു രാജ്യം ഭരിച്ചത്. സത്യയുഗത്തിൽ സൂര്യവംശീ രാജ്യമായിരുന്നു. ഇപ്പോൾ നിങ്ങൾ സത്യനാരായണന്റെ കഥ കേൾക്കുകയാണ്. ഇത് നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള കഥയാണ്. ഇതും വളരെ വലിയ അക്ഷരങ്ങളിൽ എഴുതൂ– സത്യമായ ഗീതയിലൂടെ ഭാരതം സത്യഖണ്ഢവും മൂല്യമുള്ളതുമായി മാറുന്നു. ബാബ വന്ന് സത്യമായ ഗീത കേൾപ്പിക്കുകയാണ്. സഹജരാജയോഗം പഠിക്കുമ്പോൾ മൂല്യമുള്ളതായി മാറുന്നു. ബാബ അനവധി യുക്തികൾ പറഞ്ഞുതരുന്നുണ്ട് പക്ഷേ കുട്ടികൾ ദേഹാഭിമാനം കാരണം മറന്നുപോകുന്നു. ദേഹീ അഭിമാനിയായി മാറിയാലേ ധാരണയുണ്ടാകൂ. ദേഹാഭിമാനം കാരണം ധാരണയുണ്ടാകുന്നില്ല.

ബാബ മനസ്സിലാക്കിത്തരുന്നു ഞാൻ സർവ്വവ്യാപിയാണ് എന്ന് ഞാൻ പറയുന്നതേയില്ല. അങ്ങുതന്നെയാണ് മാതാവും പിതാവും............ എന്നാണ് എന്നെക്കുറിച്ച് പറയുന്നതെങ്കിൽ ഇതിന്റെ അർത്ഥമെന്താണ്? അങ്ങയുടെ കൃപയാൽ അളവറ്റ സുഖം ലഭിച്ചു. ഇപ്പോഴാണെങ്കിൽ ദുഃഖമാണ്. ഈ പാട്ട് ഏത് സമയത്തേതാണ്– ഇതും മനസ്സിലാക്കുന്നില്ല. പക്ഷികൾ കിലു–കിലാ ചിലയ്ക്കുന്നത് പോലെ, അർത്ഥമൊന്നുമില്ല. അതുപോലെ ഇവരും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരിക്കുന്നു, അർത്ഥമൊന്നുമില്ല. ബാബ മനസ്സിലാക്കിത്തരുകയാണ്, ഇതെല്ലാം അർത്ഥമില്ലാത്തതാണ്. ആരാണ് അർത്ഥമില്ലാത്തവരാക്കി മാറ്റിയത്? രാവണൻ. ഭാരതം സത്യഖണ്ഢമായിരുന്നപ്പോൾ എല്ലാവരും സത്യമാണ് പറഞ്ഞത്, കളവോ ചതിയോ ഒന്നുമുണ്ടായിരുന്നില്ല. ഇവിടെയാണെങ്കിൽ എത്ര കളവ് ചെയ്യുന്നു. ലോകത്തിൽ ചതിതന്നെ ചതിയാണ്. ഇതിനെപ്പറയുന്നതുതന്നെ പാപത്തിന്റെ ലോകം, ദുഃഖത്തിന്റെ ലോകം എന്നാണ്. സത്യയുഗത്തെയാണ് സുഖത്തിന്റെ ലോകം എന്നു പറയുന്നത്. ഇത് വികാരിയായ വേശ്യാലയമാണ്, സത്യയുഗമാണ് ശിവാലയം. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. പറയുന്നു ഈ വികാരങ്ങളെ ജയിക്കു എങ്കിൽ നിങ്ങൾ ജഗദ്ജീത്തായി മാറും. ഈ കാമമാണ് മഹാശത്രു. വന്ന് ഞങ്ങളെ ദേവീ ദേവതയാക്കി മാറ്റൂ... എന്നുപറഞ്ഞാണ് കുട്ടികൾ വിളിക്കുന്നതുതന്നെ.

ബാബയുടെ യഥാർത്ഥ മഹിമ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. മനുഷ്യർക്ക് ബാബയേയും അറിയില്ല, ബാബയുടെ മഹിമയേയും അറിയില്ല. നിങ്ങൾക്കറിയാം ബാബ സ്നേഹസാഗരനാണ്. ബാബ നിങ്ങൾ കുട്ടികളെ ഇത്രയും ജ്ഞാനം കേൾപ്പിക്കുന്നു, ഇതുതന്നെയാണ് ബാബയുടെ സ്നേഹം. ടീച്ചർ വിദ്യാർത്ഥികളെ പഠിപ്പിക്കുമ്പോൾ കുട്ടികൾ എന്തിൽ നിന്നും എന്തായി മാറുന്നു. നിങ്ങൾ കുട്ടികളും ബാബയെപ്പോലെ ജ്ഞാനസാഗരനായി മാറണം, സ്നേഹത്തോടെ ആർക്കുവേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാം. ബാബ പറയുന്നു നിങ്ങളും പരസ്പരം സ്നേഹിക്കു. നമ്പർവൺ സ്നേഹം ഇതാണ്– ബാബയുടെ പരിചയം നൽകുക. നിങ്ങൾ ഗുപ്തദാനം നൽകുകയാണ്. പരസ്പരം വെറുപ്പ് ഉണ്ടാകരുത്. ഇല്ലെങ്കിൽ നിങ്ങൾക്കും ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ആരെയെങ്കിലും അവജ്ഞ ചെയ്താൽ ശിക്ഷിക്കപ്പെടും. ഒരിക്കലും ആരോടും വെറുപ്പ് വെക്കരുത്, അവഗണിക്കരുത്. ദേഹാഭിമാനത്തിൽ വന്നതിനാലാണ് പതിതമായത്. ബാബ ദേഹീ അഭിമാനിയാക്കി മാറ്റുമ്പോൾ നിങ്ങൾ പാവനമാകുന്നു. എല്ലാവർക്കും ഇതുതന്നെ മനസ്സിലാക്കിക്കൊടുക്കൂ അതായത് ഇപ്പോൾ 84 ജന്മങ്ങൾ പൂർത്തിയായിരിക്കുന്നു. ആരാണോ സൂര്യവംശീ മഹാരാജാവും, മഹാറാണിയുമായിരുന്നത് അവർ തന്നെയാണ് പിന്നീട് 84 ജന്മങ്ങൾ എടുത്ത് ഇറങ്ങി ഇറങ്ങി താഴെ പതിച്ചത്. ഇപ്പോൾ ബാബ വീണ്ടും മഹാരാജാവും മഹാറാണിയുമാക്കി മാറ്റുകയാണ്. ബാബ കേവലം പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ... എങ്കിൽ പാവനമായി മാറാം. നിങ്ങൾ കുട്ടികൾ ദയാഹൃദയരായി മാറി മുഴുവൻ ദിവസവും സേവനത്തിന്റെ ചിന്തയിലിരിക്കണം. ബാബ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു– മധുരമായ കുട്ടികളേ, ദയാഹൃദയരായി മാറൂ... ദുഃഖിയും, പാവങ്ങളുമായ ആത്മാക്കളെ സുഖിയാക്കി മാറ്റൂ. അവർക്ക് ചുരുങ്ങിയ വാക്കുകളിൽ കത്തുകൾ എഴുതണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ.. പിന്നെ സമ്പത്തിനെ ഓർമ്മിക്കു. ഒരു ശിവബാബക്കാണ് മഹിമയുള്ളത്. മനുഷ്യർക്ക് ബാബയുടെ മഹിമയെക്കുറിച്ചും അറിവില്ല. ഹിന്ദിയിലും കത്തുകൾ എഴുതാൻ സാധിക്കും. സേവനം ചെയ്യണമെന്ന ലക്ഷ്യവും കുട്ടികൾക്കുണ്ടായിരിക്കണം. വളരെപ്പേർ സ്വയം ഹത്യ ചെയ്യാൻ ശ്രമിക്കുന്നു, അവർക്കും ജീവഹത്യ ചെയ്യുന്നത് മഹാപാപമാണ് എന്ന് മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശ്രീമതം നൽകുന്നത് ശിവബാബയാണ്. ബാബ ശ്രീ ശ്രീ ശിവബാബയാണ്. നിങ്ങളെ ശ്രീ ലക്ഷ്മീ ശ്രീ നാരായണനാക്കി മാറ്റുന്നു. ശ്രീ ശ്രീ ഒരേയൊരു ബാബയാണ്. ബാബ ഒരിക്കലും ചക്രത്തിലേക്ക് വരുന്നില്ല. ബാക്കി നിങ്ങൾക്കാണ് ശ്രീ എന്ന ടൈറ്റിൽ ലഭിക്കുന്നത്. ഇന്നുകാ

ലത്താണെങ്കിൽ എല്ലാവർക്കും ശ്രീ എന്ന ടൈറ്റിൽ നൽകുന്നുണ്ട്. ആ നിർവ്വികാരികൾ എവിടെ, ഈ വികാരികൾ എവിടെ– രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ബാബ ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു– ആദ്യം ദേഹീ അഭിമാനിയായി മാറൂ, പിന്നെ എല്ലാവർക്കും സന്ദേശം എത്തിക്കൂ. നിങ്ങൾ സന്ദേശവാഹകന്റെ കുട്ടികളല്ലേ. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരാളാണ്. ബാക്കി ധർമ്മസ്ഥാപകരെ ഗുരുവെന്ന് വിളിക്കുകയേയില്ല. സദ്ഗതി നൽകുന്നത് ഒരേയൊരാളാണ്. ശരി–

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം –

1) ആരോടും വെറുപ്പോ ദേഷ്യമോ ഉണ്ടാകരുത്. ദയാഹൃദയരായി മാറി ദുഃഖികളായ ആത്മാക്കളെ സുഖിയാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം. ബാബക്കുസമാനം മാസ്റ്റർ സ്നേഹസാഗരമായി മാറണം.

2) ''നാം ഭഗവാന്റെ കുട്ടികളാണ്'' ഈ ലഹരിയിൽ അഥവാ സന്തോഷത്തിൽ ഇരിക്കണം. ഒരിക്കലും മായയുടെ തലതിരിഞ്ഞ സംഗത്തിലേക്ക് പോകരുത്. ദേഹീഅഭിമാനിയായി മാറി ജ്ഞാനത്തിന്റെ ധാരണ ചെയ്യണം.

## വരദാനം–ബാബക്കുസമാനം വരദാനിയായി മാറി സർവ്വരുടേയും ഹൃദയങ്ങൾക്ക് ആശ്വാസം നൽകുന്ന മാസ്റ്റർ ദിലാരാമനായി ഭവിക്കട്ടെ.

ബാബക്കുസമാനം വരദാനീമൂർത്തികളായ കുട്ടികൾ ഒരിക്കലും ആരുടേയും ദുർബലതകളെ കാണുകയില്ല.അവർ എല്ലാവരോടും ദയാഹൃദയരായിരിക്കും.എങ്ങിനെയാണോ ബാബ ആരുടേയും കുറവുകളേയും ദുർബലതകളേയും ഹൃദയത്തിൽ സൂക്ഷിക്കാത്തത് ,അതുപോലെതന്നെ വരദാനികളായ കുട്ടികളും ഏവരുടേയും ഹൃദയങ്ങൾക്ക് സാന്ത്വനം നൽകുന്ന മാസ്റ്റർ ദിലാരാമൻമാരായിരിക്കും.അതുകൊണ്ടുതന്നെ കൂടെയുള്ളവരും,പ്രജകളുമെല്ലാം അവരുടെ ഗുണഗാനങ്ങൾ പാടുന്നു.അവർക്കായി,ഇവർ നമ്മുടെ സദാ സ്നേഹി,സഹയോഗികളാണ് എന്ന ആശീർവാദം എല്ലാവരുടേയും ഹൃദയത്തിൽനിന്നും ഉയരുന്നു.

## സ്ലോഗൻ : ആരാണോ സദാ നിശ്ചിന്തചക്രവർത്തികളായി ഇരിക്കുന്നത്,അവരാണ് സംഗമയുഗത്തിലെശ്രേഷ്ഠ ആത്മാക്കൾ.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാകൃങ്ങൾ

**1– ജ്ഞാനീതൂ ആത്മാക്കൾക്ക് തെറ്റ് പറ്റുന്നതിലൂടെ നൂറ് മടങ്ങ് ശിക്ഷ** : ഈ അവിനാശി ജ്ഞാനയജ്ഞത്തിൽ വന്ന് സാക്ഷാൽ പരമാത്മാവിന്റെ കരം ഗ്രഹിച്ച് പിന്നെ കാരണമായോ, അകാരണമായോ അവരിലൂടെ വികർമ്മം ഉണ്ടായാൽ അതിന്റെ ശിക്ഷ വളരെ ഭാരിച്ചതായിരിക്കും. ജ്ഞാനം സ്വീകരിക്കുന്നതിലൂടെ നൂറ് മടങ്ങ് പ്രയോജനം ഉള്ളതുപോലെ ജ്ഞാനം കിട്ടിയ ശേഷം എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ പിന്നെ നൂറ് മടങ്ങ് ശിക്ഷയുമുണ്ടാകും, അതിനാൽ വളരെ ശ്രദ്ധാലുക്കളായിരിക്കണം. തെറ്റുകൾ ചെയ്തുകൊണ്ടിരുന്നാൽ ബലഹീനരായിക്കൊണ്ടിരിക്കും, അതിനാൽ ചെറുതും വലുതുമായ തെറ്റുകൾ ചെയ്യുന്നത് നിർത്തൂ, ഭാവിയിലേക്ക് വേണ്ടി പരിശോധിച്ച് മുന്നേറൂ. നോക്കൂ, ജ്ഞാനികളായ വലിയവർ മോശം പ്രവർത്തി ചെയ്താൽ അവർക്ക് വലിയ ശിക്ഷയായിരിക്കും, വീണുപോയവർ എന്തെങ്കിലും മോശമായ പ്രവർത്തി ചെയ്താൽ അവർക്ക് അത്രയും ശിക്ഷയുണ്ടായിരിക്കില്ല. ഇപ്പോൾ നിങ്ങളും പരമാത്മാവിന്റെ കുട്ടികളായിട്ടാണ് അറിയപ്പെടുന്നത്, അതിനാൽ നിങ്ങൾക്ക് അത്രയും ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം, സത്യമായ ബാബയുടെയടുത്ത് വന്ന സ്ഥിതിക്ക് സത്യമായിട്ടിരിക്കണം.

**2– പരമാത്മാവ് എല്ലാമറിയുന്നവനാകുന്നതെങ്ങനെ?**: ലോകർ പറയുന്നു, പരമാത്മാവ് എല്ലാം അറിയുന്നവനാണെന്ന്, ഇപ്പോൾ എല്ലാം അറിയുന്നവൻ എന്നതിന്റെ അർത്ഥം എല്ലാവരുടെയും മനസ്സിനെ അറിയുന്നു എന്നല്ല, മറിച്ച് സൃഷ്ടി രചനയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നവനാണ്. പരമാത്മാവ് രചയിതാവും, പാലനകർത്താവും, സംഹാരകർത്താവുമാണ് എന്നതിന്റെ അർത്ഥം പരമാത്മാവ് ജന്മം കൊടുത്ത് കഴിപ്പിക്കുന്നു, പിന്നെ കൊല്ലുന്നു എന്നല്ല. മനുഷ്യർ തങ്ങളുടെ കർമ്മങ്ങളുടെ കണക്കനുസരിച്ച് ജന്മങ്ങ

ളെടുക്കുന്നു, ഇതിനർത്ഥം പരമാത്മാവ് അവരുടെ മോശമായ സംസ്കാരങ്ങളും നല്ല സംസ്കാരങ്ങളും അറിയുന്നു എന്നുമല്ല. അജ്ഞാനികളുടെ മനസ്സിൽ എന്ത് നടക്കും എന്നതറിയാം. മുഴുവൻ ദിവസവും മായാവി സങ്കൽപങ്ങൾ നടക്കുമെന്നും ജ്ഞാനികളുടെയുള്ളിൽ ശുദ്ധസങ്കൽപങ്ങൾ നടക്കുമെന്നും അറിയാം, ബാക്കി ഓരോരോ സങ്കൽപ്പവും ഇരുന്ന് വായിക്കും എന്നല്ല. ഇപ്പോൾ എല്ലാവരുടെയും ആത്മാക്കൾ ദുർഗ്ഗതിയിലെത്തിയിരിക്കയാണ്, അവരുടെ സദ്ഗതി എങ്ങനെ നടക്കും, ഈ എല്ലാ തിരിച്ചറിവും എല്ലാം അറിയുന്ന പരമാത്മാവിനുണ്ട്. ഇപ്പോൾ കർമ്മഭ്രഷ്ടരായ മനുഷ്യരെ ശ്രേഷ്ഠകർമ്മം ചെയ്യിപ്പിക്കുകയും, പഠിപ്പിക്കുകയും ചെയ്ത് അവരെ കർമ്മബന്ധനങ്ങളിൽ നിന്ന് മുക്തരാക്കുക, ഇത് പരമാത്മാവിനറിയാം. പരമാത്മാവ് പറയുന്നു, രചയിതാവായ എന്റെയും, എന്റെ രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ മുഴുവൻ ജ്ഞാനവും എനിക്കറിയാം, ആ അറിവ് നിങ്ങൾ കുട്ടികൾക്ക് തന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ആ അച്ഛന്റെ നിരന്തരമായ ഓർമ്മയിലിരിക്കണം, അപ്പോഴേ സർവ്വ പാപങ്ങളിൽ നിന്നും മുക്തമാകൂ, അതായത് അമരലോകത്തിലേക്ക് പോകും. ഈ അറിവുള്ളതുകൊണ്ട് തന്നെയാണ് എല്ലാമറിയുന്നവൻ എന്ന് പറയുന്നത്. ശരി, ഓം ശാന്തി.

**അവ്യക്തസൂചന-സത്യതയും,സഭ്യതയുമാകുന്ന സംസ്ക്കാരങ്ങളെ തന്റേതാക്കിമാറ്റൂ...**

ഒരിക്കലും സഭ്യതയെ വിട്ട് സത്യതയെ പ്രത്യക്ഷമാക്കരുത്.സഭ്യതയുടെ അടയാളമാണ് വിനയം.ഈ വിനയം തന്നെയാണ് നിർമ്മാണകാര്യങ്ങളെ സഹജമാക്കി മാറ്റുന്നത്.ഏതുവരെ വിനയമുള്ളവരായി മാറുന്നില്ലയോ അതുവരെ പുതിയകാര്യങ്ങൾ ചെയ്യാൻ കഴിയുകയില്ല.ജ്ഞാനത്തിന്റെ ശക്തി, ജ്ഞാനവും പ്രേമവുമാണ്.അജ്ഞാനത്തിന്റെ ശക്തിയായ ക്രോധത്തെ വളരെ നന്നായി സ്വന്തം സംസ്ക്കാരമാക്കി മാറ്റുകയും,ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.പിന്നീട് ക്ഷമ ചോദിക്കുകയും ചെയ്യുന്നു.ഇപ്പോൾ ഇങ്ങിനെ ഓരോ ഗുണത്തെയും,ജ്ഞാനത്തിന്റെ ഓരോ കാര്യങ്ങളെയും സംസ്ക്കാരങ്ങളുടെ രൂപമാക്കി മാറാറുകയാണെങ്കിൽ സഭ്യത കൈവരുകതന്നെ ചെയ്യും.